പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1876 — 01.11.2019-ലെ മറുപടിക്ക്

## ചെങ്ങന്നൂർ ഡിപ്പോയിലെ റദ്ദുചെയ്ത സർവ്വീസുകൾ

ചോദ്യം

ശ്രീ.സജി ചെറിയാൻ

മറുപടി

ശ്രീ. എ.കെ. ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. ചെങ്ങന്നൂർ ഡിപ്പോയിലെ പുതിയ ബസ്സുകൾ മറ്റ് ഡിപ്പോയിലേക്ക് മാറ്റുന്നതായും കളക്ഷൻ ലഭിക്കുന്ന റൂട്ടുകൾ റദ്ദ് ചെയ്യുന്നതായുമുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | പ്രസ്തുത ഡിപ്പോയിൽ നിന്ന് യാത്രക്കാർക്ക് പ്രയോജനകരമായതും കളക്ഷൻ ലഭിക്കുന്നതുമായ എത്ര സർവ്വീസുകളാണ് ഇപ്രകാരം ഒഴിവാക്കിയതെന്ന് വിശദമാക്കാമോ; ആയതിന്റെ കാരണങ്ങൾ വ്യക്തമാക്കാമോ; | (ബി) | ചെങ്ങന്നൂർ ഡിപ്പോയിൽ നിന്നും ബൈ റൂട്ടിലേയ്ക്ക് നടത്തി വന്നിരുന്ന ചില ചുരുക്കം ഷെഡ്യൂളുകൾ ഡ്രൈവർ വിഭാഗം ജീവനക്കാരുടെ അഭാവം മൂലം റദ്ദ് ചെയ്യുന്ന സാഹചര്യം ഉണ്ടായിട്ടുണ്ട്. എന്നാൽ അത്തരം റൂട്ടുകളിലെ പ്രധാനപ്പെട്ട ട്രിപ്പുകൾ ഷെഡ്യൂളുകൾ ക്രമീകരിച്ച് നടത്തി വരുന്നുണ്ട്. എന്നാൽ സമഗ്ര പുനരുദ്ധാരണ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി റൂട്ട് റാഷണലൈസേഷൻ ദീർഘദൂര ബസ്സുകളിൽ ഇതിനോടകം നടപ്പിലാക്കിയിട്ടുള്ളതും, കൃത്യമായ ഇടവേളകളിൽ പ്രധാന പാതകളെ ബന്ധിപ്പിച്ചുകൊണ്ട് യാത്രക്കാർക്കും കോർപ്പറേഷനും ഗുണകരമായ രീതിയിൽ ചെയിൻ സർവ്വീസ് ആരംഭിച്ചിട്ടുള്ളതു |

| | | | |
|---|---|---|---|
| | | | മാണ്. അതിന്റെ ഭാഗമായി ചെങ്ങന്നൂർ ഡിപ്പോയിൽ നിന്നുള്ള കളക്ഷൻ കുറഞ്ഞ 06.00 മണി പരുമല-തിരുവനന്തപുരം, 06.20 മണി അടൂർ-കൊഴുവല്ലൂർ-അമൃത മെഡിക്കൽ കോളേജ്, 06.30 കൊല്ലം-തിരുവനന്തപുരം, 07.30 ആലപ്പുഴ-ഗുരുവായൂർ എന്നീ സർവ്വീസുകൾ റദ്ദ് ചെയ്തിട്ടുള്ളതും, യാത്രക്കാർക്കും കോർപ്പറേഷനും ഗുണകരമാകുന്ന പ്രധാന ട്രിപ്പുകൾ നിലവിലുള്ള ചെയിൻ സർവ്വീസുകളിൽ ഉൾപ്പെടുത്തിയിട്ടുള്ളതുമാണ്. |
| (സി) | പ്രസ്തുത ഡിപ്പോയിലെ പുതിയ കെട്ടിടനിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കുമെന്ന് അറിയിക്കാമോ? | (സി) | എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും അനുവദിച്ച 2.17 കോടി രൂപ ഉപയോഗിച്ച് നിർമ്മിച്ച 10 ബേ ഗ്യാരേജ് കം ഓഫീസിന്റെ പ്രവർത്തിയിൽ ഗ്യാരേജും, അനുബന്ധ ഘടകങ്ങളുടെയും പണികൾ 2019 ഡിസംബർ 31 നകം പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരുന്നത്. എന്നാൽ ഒന്നാം നിലയിലെ ഓഫീസിന്റെയും ജീവനക്കാരുടെ വിശ്രമ മുറികളുടെയും, flooring, electrification, plumbing തുടങ്ങിയവ ഉൾപ്പെടെയുള്ള ഫിനിഷിംഗ് വർക്കുകളും, അഗ്നിസുരക്ഷ സംവിധാനത്തിന്റെ പണികളും ഫണ്ടിന്റെ അപര്യാപ്തത കാരണം തുടങ്ങാൻ കഴിഞ്ഞിട്ടില്ല. |

**സെക്ഷൻ ഓഫീസർ**